**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1263** **07-10-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം കേന്ദ്രങ്ങളിലെ നിയന്ത്രണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് വാക്സിൻ ലഭിക്കാത്ത പതിനെട്ട് വയസ്സിന് താഴെയുളള കുട്ടികൾ മുതിർന്നവരോടൊപ്പം ടൂറിസം കേന്ദ്രങ്ങളിൽ പോകുന്നതിന് നിയന്ത്രണങ്ങൾ ഉണ്ടോ; | (എ) | വാക്സിനേഷൻ നടത്താത്ത പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് മുതിർന്നവരോടൊപ്പം ടൂറിസം കേന്ദ്രങ്ങളിൽ പോകുന്നതിന് നിലവിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ടൂറിസം കേന്ദ്രങ്ങളിൽ സ്വീകരിച്ച മുൻകരുതലുകളെക്കുറിച്ച് വ്യക്തമാക്കാമോ? | (ബി) | വിനോദ സഞ്ചാരികളെ കോവിഡിൽ നിന്നും പരമാവധി സുരക്ഷിതരാക്കാൻ കാര്യക്ഷമവും സൂക്ഷ്മവുമായ ബയോബബിൾ മാതൃകയാണ് ടൂറിസം വകുപ്പ് സ്വീകരിച്ചു വരുന്നത്. സഞ്ചാരികളെ സ്വീകരിക്കുകയും ആതിഥേയത്വം വഹിക്കുകയും ചെയ്യുന്ന സേവന ദാതാക്കളടക്കം ഉൾക്കൊള്ളുന്നതാണ് ഈ സംവിധാനം. ബയോ ബബിളിനകത്ത് ഉള്ളവർ വാക്സിനേഷൻ സ്വീകരിച്ചവരായിരിക്കും. ചുരുങ്ങിയ സമയത്തിനുള്ളിൽ മുഴുവൻ ആളുകൾക്കും പ്രതിരോധ കുത്തിവയ്പ് നൽകാൻ ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ കോവിഡ് 19 വാക്സിനേഷൻ പരിപാടിയിൽ വിനോദസഞ്ചാര മേഖലയിലുള്ളവർക്ക് പ്രത്യേക മുൻഗണന നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ